"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04/09/2020 ലെ 11(1) നമ്പർ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 പ്രകാരം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാന് തുടർനടപടികൾക്കായി റഫർ ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2026/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/10/2020**

---

പരാമർശം:- 1 സ.ഉ(പി) 501/2005/ധന തീയതി 25.11.2005

2 സർക്കുലർ നമ്പർ3/2019/ ധന , തീയതി 11/01/2019.

3 സ.ഉ(അ) നം 81/19/ ധന, തീയതി 09/07/2019

4 ഉദയനാപുരം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 04/09/2020 ലെ 11(1) നമ്പർ തീരുമാനം

5 ഉദയനാപുരം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 09/09/2020 ലെ 7(1) നമ്പർ തീരുമാനം

6 ഉദയനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/9/2020 ലെ എ5/4452/2020 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (4), (5) എന്നീ തീരുമാനങ്ങൾ അനന്തരനടപടികൾക്കും തുടർനിർദേശങ്ങൾക്കുമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (6) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ഐ. എസ്.ഒ നിലവാരത്തിലുള്ള ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർക്ക് പുറമെ 8 9 ദിവസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ഒരാളെക്കൂടി നിയമിക്കുന്നതിനും നിലവിലുള്ള ജീവനക്കാരിക്കും പുതിയതായി നിയോഗിച്ച ആൾക്കും ജോലി വിഭജിച്ച് നൽകി ഓഫീസ് പൂർണ്ണമായും വൃത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും പുതിയതായി നിയോഗിക്കപ്പെടുന്ന ആൾക്ക് തനത് ഫണ്ടിൽ നിന്ന് വേതനം അനുവദിച്ച് നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി പരാമർശം (4) പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊണ്ടു. ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ സ്വീപ്പിംങ് ഏര്യ 800 സ്ക്വയർ മീറ്ററിൽ കുറവായതിനാൽ പരാമർശം (1) ഉത്തരവ് പ്രകാരം സ്വീപ്പിംങ് ഏര്യ 800 സ്ക്വയർ മീറ്ററിൽ അധികരിക്കുകയാണെങ്കിൽ ഗവ. അനുമതി ലഭ്യമാക്കി നിയമനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ടി തീരുമാനത്തിൻമേൽ പഞ്ചായത്ത് സെക്രട്ടറി അഭിപ്രായപ്പെട്ടു. ഉദയനാപുരം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (5) ലെ തീരുമാന പ്രകാരം മേൽ വിഷയം പഞ്ചായത്ത് കമ്മിറ്റി വീണ്ടും പരിഗണിക്കുകയും ശുചിത്വം, മാലിന്യ നിർമ്മാർജനം എന്നിവ പരിഗണിച്ച് ദേശീയ ഹരിത ട്രൈബ്യൂണൽ പിഴ ചുമത്തുന്നുണ്ടെന്നും ഈ അവസ്ഥയിൽ 4/9/20 ലെ ഭൂരിപക്ഷ തീരുമാനപ്രകാരം ഒരു പി റ്റി എസ് നെ താൽക്കാലികമായി നിയമിക്കുന്ന തീരുമാനത്തിൽ വിയോജിപ്പ് രേഖപ്പെടുത്തിയ സെക്രട്ടറിയും 6 അംഗങ്ങളും വരുംകാലങ്ങളിൽ ഇപ്രകാരം പിഴ ചുമത്തപ്പെടുകയോ പഞ്ചായത്തിൽ നിന്നുള്ള മെച്ചപ്പെട്ട സേവന മാതൃക പരാജയപ്പെടുകയോ ചെയ്താൽ ആയതിന് വ്യക്തിപരമായി ഉത്തരവാദികളായിരിക്കും എന്ന വ്യവസ്ഥയിൻമേൽ തീരുമാനം പുന:പരിശോധിക്കാവുന്നതാണെന്നും അല്ലാത്തപക്ഷം മുൻയോഗതീരുമാനം നടപ്പിലാക്കുന്നതിനും ടി യോഗതീരുമാനം നടപ്പിലാക്കുന്നത് മൂലം പഞ്ചായത്തിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് തീരുമാനം അനുകൂലിച്ച മെമ്പർമാർ ഏറ്റെടുക്കുന്നതിനും തീരുമാനിച്ചു. നിയമനം നടത്തണമെങ്കിൽ സ്വീപ്പിംങ് ഏര്യ പുനർനിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് മാത്രമെ പാടുള്ളൂവെന്നും ഇപ്പോഴത്തെ തീരുമാനവും 4 9 20 ലെ തീരുമാനവും സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചതിന് ശേഷം ഉണ്ടാകുന്ന നിർദേശങ്ങൾക്കനുസൃതമായി മാത്രം നിയമനവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കാനാകൂ എന്നും

പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത തീരുമാനത്തിൻമേൽ അഭിപ്രായപ്പെട്ടു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (1) ലെ ഉത്തരവ് പ്രകാരം 800 സ്ക്വയർ മീറ്റർ വരെ സ്വീപ്പിംങ് ഏര്യ ഉള്ള ഓഫീസുകളിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക മാത്രമെ അനുവദനീയമായിട്ടുള്ളു. 900 സ്ക്വയർ മീറ്റർ വരെ സ്വീപ്പിംങ് ഏര്യ ഉണ്ടെങ്കിൽ മാത്രമെ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് പുറമെ ഒരു കാഷ്വൽ സ്വീപ്പറെക്കൂടി നിയമിക്കാൻ വ്യവസ്ഥയുള്ളു. ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ ഒരു കാഷ്വൽ സ്വീപ്പറെ കൂടി ആവശ്യമുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ സ്വീപ്പിംങ് ഏര്യ പുനർനിർണ്ണയിച്ച് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പരാമർ ശം (2) സർ ക്കുലർ പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താവൂ എന്ന് നിർദേശിച്ചിട്ടുണ്ട്. പരാമർ ശം (3) ഉത്തരവിലെ 2 (iii) പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

4. മേൽ സാഹചര്യങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ ദിവസവേതനത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറെ തസ്തികയില്ലാതെ നിയമിക്കാനുള്ള ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ പരാമർശം (4) ലെ തീരുമാനം നിയമവിരുദ്ധമായതിനാൽ പ്രസ്തുത തീരുമാനത്തിൻമേൽ 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ 4(4) ന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 191 പ്രകാരം പ്രസ്തുത തീരുമാനം റദ്ദ് ചെയ്യുന്നതിന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

ഓംബുഡ്സ്മാൻ, തദ്ദേശസ്വയംഭരണ വകുപ്പ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങൾ സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.

പ്രസിഡന്റ്, ഉദയനാപുരം ഗ്രാമപഞ്ചായത്ത്, കോട്ടയം.

സെക്രട്ടറി, ഉദയനാപുരം ഗ്രാമപഞ്ചായത്ത്, കോട്ടയം.

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഫയൽ നമ്പർ ഇപിഎ2/128/2020-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ